⇨ *പുത്തൻ ഉദാരവൽക്കരണമെന്ന ആശയം സാമ്പത്തികശാസ്ത്രാധിഷ്ഠിതമാണ്* ⇨

# വികസനം, ദാരിദ്ര്യം:
# പുനർനിർവചനം ആവശ്യമാണ്

വികസനവും ദാരിദ്ര്യവും എപ്പോഴും നിർവ്വചിക്കപ്പെടുന്നത് സാമ്പത്തിക ശാസ്ത്രം നിർമ്മിച്ചെടുത്ത സംഖ്യാശാസ്ത്ര പ്രഹേളികയായാണ്. മനുഷ്യാനുഭവങ്ങളുടെ സങ്കീർണ്ണതകൾ, ജിജ്ഞാസകൾ, മൂല്യങ്ങൾ, വൈകാരിക അനുഭവങ്ങൾ തുടങ്ങിയ പലതിനെയും കേവലം കണക്കിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്താൻ കഴിയില്ലെന്ന് വ്യക്തമാക്കുന്ന വികസന നരവംശശാസ്ത്ര ശാഖയ്ക്കാണ് വികസനത്തെ വിമർശനാത്മകമായി വിലയിരുത്താനും ദാരിദ്ര്യത്തെ കൃത്യമായി മനസ്സിലാക്കാനും കഴിയുന്നത്.

**ഡോ. എസ്. പരശുരാമൻ**

**പരിഭാഷ: മധു നാരായണൻ, കെ. സന്ദീപ്**

ഇൻകയുടെ (Indian National Confederation and Academy of Anthropologists - INCAA) ആഭിമുഖ്യത്തിൽ കണ്ണൂർ യൂണിവേഴ്സിറ്റിയിൽ വച്ച് നടന്ന ഇന്ത്യൻ ആന്ത്രോപോളജിക്കൽ കോൺഗ്രസിൽ, ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് ഡയറക്ടറായ ഡോ. എസ്. പരശുരാമൻ നടത്തിയ നടത്തിയ എസ്.സി. ദുബെ അനുസ്മരണ പ്രഭാഷണത്തിന്റെ പ്രസക്ത ഭാഗങ്ങൾ.

**കൊളോണിയൽ** അധികാരത്തിന്റെ ഉപകരണം എന്ന നിലയിൽ നിന്നും വികസന നരവംശശാസ്ത്രം (development anthropolgy) അതിന്റെ വൈജ്ഞാനിക മേഖല, അരികു ജീവിതങ്ങളെ അറിയുന്നതിലേക്കും മനുഷ്യ അതിജീവനത്തിന്റെ വൈവിധ്യ മുഖങ്ങളെ നോക്കിക്കാണുന്നതിലേക്കും ശ്രദ്ധ തിരിച്ചിട്ടുണ്ട്. അരികുവൽക്കരിക്കപ്പെട്ട ജനങ്ങളുടെ ജീവസന്ധാരണ വ്യതിയാനങ്ങളെ, അതിന്റെ വ്യവസ്ഥകളെ അത് യുക്തിഭദ്രമായി അന്വേഷിക്കുന്നു. അതിലുപരി മാനവിക ശാക്തീകരണത്തിന്റെയും തലങ്ങൾ പരിശോധിക്കുക എന്നതാണ് ഇതിന്റെ ആന്തരിക വശം. ജനങ്ങൾ സ്വജീവിത യാഥാർത്ഥ്യങ്ങളും വിപുലമായ അനുഭവങ്ങളും സൂക്ഷ്മ സാമൂഹ്യ പ്രശ്നങ്ങളും അവരുടെ കണ്ണുകൊണ്ട് കാണുകയും ചെയ്യുന്ന രീതിയാണ് വികസന നരവംശശാസ്ത്രം മുന്നോട്ടു വയ്ക്കുന്ന വികസന സങ്കൽപ്പം.

മാനുഷിക ഇടപെടലുകളെ അവഗണിച്ചുള്ളതാണ് കഴിഞ്ഞ ഇരുപത് വർഷമായുള്ള വികസന സങ്കൽപ്പത്തിന്റെ കാതൽ. 1995ൽ ലോകബാങ്ക് പ്രസിഡന്റായിരുന്നു ജെയിംസ് ഡി വുൾഫെൻസൺ അവകാശപ്പെട്ടത്, ഒരു ദശകത്തിനുള്ളിൽ വികസന പരിപ്രേക്ഷ്യത്തിന്റെ അവസാന വാക്ക് ലോകബാങ്ക് ആയിരിക്കുമെന്നാണ്. ഉദാരവൽക്കരണത്തിന്റെയും അനുബന്ധ നയങ്ങളുടെയും പശ്ചാത്തലത്തിൽ, പുത്തൻ കോളനിവൽക്കരിക്കപ്പെട്ട നരവംശശാസ്ത്രം മേൽപ്പറഞ്ഞ ചിന്തയ്ക്ക് ഉൾപ്രേരകമാണ്. വികസനത്തിന്റെ പേരിൽ, നരവംശശാസ്ത്ര ചിന്തകളെയും രീതിശാസ്ത്രത്തെയും നവകോളനിവൽക്കരിച്ചതായിരുന്നുവെന്ന് നരവംശശാസ്ത്രജ്ഞർ ഇതിനോട് പ്രതികരിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ പുത്തൻ ഉദാരവൽക്കരണത്തിൽ നിന്നും നരവംശശാസ്ത്രത്തെ അടർത്തിമാറ്റി, സാധാരണ ജനങ്ങളുടെ ജൈവവിജ്ഞാനത്തെയും അതിന്റെ സാമൂഹ്യ ചുറ്റുപാടുകളെയും അതുയർത്തുന്ന അധികാര യാഥാർഥ്യങ്ങളെയും പുറത്തുകൊണ്ടുവരുക എന്നത് നരവംശശാസ്ത്രജ്ഞരുടെ മുന്നിലുള്ള വെല്ലുവിളിയാണ്.

പുത്തൻ ഉദാരവൽക്കരണമെന്ന ആശയം സാമ്പത്തികശാസ്ത്രാധിഷ്ഠിതമാണ്, എന്നാൽ നരവംശശാസ്ത്രത്തിന്റെ രീതിശാസ്ത്രങ്ങൾ ഉപയോഗിച്ച് ജനജീവിതത്തെ മനസിലാക്കുന്ന വൈജ്ഞാനിക മേഖലയും സാമൂഹ്യമാറ്റത്തിന്റെ ആശയ രൂപീകരണ ചിന്ത

യുമാണ് വികസന നരവംശശാസ്ത്രം. വികസന നരവംശശാസ്ത്രം മുന്നോട്ട് വയ്ക്കുന്ന ബദൽ ആഖ്യാനങ്ങളുടെ (alternative narratives) പ്രത്യേകത അത് ജനങ്ങളുടെ അതാത് സാമൂഹ്യചുറ്റുപാടുകൾ, സ്വജീവിതാനുഭവങ്ങൾ, അവയുടെ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ ഘടനകൾ അതിന്റെ വിവിധ പ്രക്രിയകൾ എന്നിവയുടെ പരിസരത്തു നിന്നും രൂപപ്പെടുന്നവയാണ് എന്നതാണ്. ഇതിന്റെ ആഖ്യാനങ്ങൾക്ക് അധികാര ശ്രേണിയോട് വിലപേശലിനുള്ള കരുത്തുണ്ടെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഇത്തരം വിലപേശലിന് അറിവ് പ്രധാനമാണ്. വികസനത്തിന്റെ അവസാനവാക്ക് ലോകബാങ്കാണെന്ന് വുൾഫെൻസൺ എന്തുകൊണ്ട് പറയുന്നു



എന്ന് ചോദിച്ചാൽ ഉത്തരം ലളിതമാണ്. ലോകബാങ്ക് അറിവിനെയും അതിന്റെ രൂപഘടനകളെയും രീതിശാസ്ത്രത്തെയും കോളനിവൽക്കരിച്ചിരിക്കുന്നു. അറിവ് തത്വത്തിൽ ഒരു സാമ്പത്തിക പരിപ്രേക്ഷ്യം ആണ്. പക്ഷെ, ജനങ്ങളുടെ അറിവ് അവരുടെ സ്വജീവിതാനുഭവം, കാഴ്ചപ്പാടുകൾ, സംസ്കാരത്തെക്കുറിച്ചുള്ള മനസിലാക്കൽ, അതിന്റെ ആഴം, വിഭവം എന്നിവ ഒരു ബദൽ അറിവിന്റെ പ്രാധാന്യത്തെ ഓർമ്മിപ്പിക്കുന്നുണ്ട്. ബദൽ അറിവെന്ന് ഇവിടെ വിവക്ഷിക്കുന്നത് മുഖ്യധാരാ അറിവുകൂടിയാണ്, അതായത് 'ജനങ്ങളുടെ സ്വയമറിവ്'.

വ്യക്തികളും പൗരൻമാരും എന്ന വ്യത്യസ്ത സാമൂഹ്യപദവികളിൽ നിന്നും അടർത്തിമാറ്റപ്പെട്ട മനുഷ്യൻ വെറും കമ്പോള ശക്തികളുടെ ഉപഭോക്താവായി മാറിയിട്ടുണ്ട്. എങ്ങനെയാണ് നമുക്ക് മാനുഷ്യ ചാലകശക്തിയെ, അതിന്റെ തെരഞ്ഞെടുപ്പുകളെ വീണ്ടെടുക്കാൻ കഴിയുക? ഇത്തരം അന്വേഷണങ്ങൾ വിരൽചൂണ്ടുന്നത് പ്രാന്തവൽക്കരിക്കപ്പെട്ടവരിലേക്കും അവരുടെ ചെറുത്തുനിൽപ്പുകളിലേക്കുമാണ്. അടിച്ചേൽപ്പിക്കപ്പെട്ട വികസന പരിഹാരങ്ങളും പ്രാദേശിക ആവശ്യങ്ങളും തമ്മിലുള്ള വിടവ് വികസന സംവാദങ്ങളിൽ വിശകലന വിധേയമാക്കേണ്ടതാണ്.

അധികാരം, അറിവ് തുടങ്ങിയ സാമൂഹ്യ മാറ്റത്തിന്റെ ചാലക ശക്തികളുടെ പരസ്പര ബന്ധങ്ങളെക്കുറിച്ച് ശക്തമായ ഉൾക്കാഴ്ചകൾ അവതരിപ്പിക്കുന്നുവെന്നതാണ് വികസന നരവംശശാസ്ത്രത്തിന്റെ ഒരു വശം. ഇന്ത്യയുടെ വളർച്ചാ നിരക്ക് എട്ട് മുതൽ 10 ശതമാനം വരെ ആകുമ്പോഴും 77 ശതമാനം വരുന്ന ജനങ്ങളും പ്രാന്തവൽകൃതരും കാര്യശേഷിയില്ലാത്തവരും ആയിത്തീരുന്നതാണ് ജിം ബുഫൻസന്റെ വികസന രസതന്ത്രം ബാക്കിയാക്കുന്ന കാഴ്ച. അതുകൊണ്ട്, വികസന നരവംശശാസ്ത്രത്തിലൂടെ നമ്മൾ കാണേണ്ടത് എല്ലാവർക്കും അവകാശപ്പെട്ടതാണ് വികസനമെന്നതാണ്. അത് വിവേചനത്തിന്റെ ഉപകരണമല്ല.

**ദാരിദ്ര്യത്തിന്റെ നിർവചനം**

ദാരിദ്ര്യം നിർവചിക്കപ്പെടുന്നത് പലപ്പോഴും സംഖ്യാശാസ്ത്ര പ്രഹേളികയായാണ്. നമ്മുടെ ആസൂത്രണ കമ്മീഷന്റെ നിർവചന പ്രകാരം, 'നിശ്ചിത ശതമാനം ആളുകൾ ദരിദ്രരാണ്. കാരണം ഒരു പ്രത്യേക അനുപാതത്തിൽ താഴെയാണ് അവരുടെ വരുമാനം'. ദാരിദ്ര്യത്തെ നിർമ്മാർജ്ജനം ചെയ്യുകയാണോ അതോ ദരിദ്രനെ പുറത്താക്കുകയാണോ ഈ നിർവചനം കൊണ്ട് ഉദ്ദേശിക്കുന്നത് എന്നത് ചിന്തിക്കേണ്ട കാര്യമാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് വികസന നരവംശശാസ്ത്രം ആവശ്യമായി വന്നേക്കും. എന്നാൽ ദരിദ്രനെ ഇല്ലായ്മ ചെയ്യാൻ കേവലം സാമ്പത്തികശാസ്ത്രം മാത്രം മതി. ഇവിടെ അറിവിന്റെ വിവിധ രൂപങ്ങളെക്കുറിച്ചുള്ള അവബോധം അനിവാര്യമാണ്. ഈ അവബോധമാണ് പുത്തൻ ഉദാരവൽക്കരണത്തിന്റെ വക്താക്കളായ സാമ്പത്തിക ശാസ്ത്രജ്ഞർക്ക് പലപ്പോഴും ഇ

ല്ലാതെ പോവുന്നതും. ഇത് സാമ്പത്തിക ശാസ്ത്രത്തിന്റെ ദുരന്തമാണ്. നരവംശ ശാസ്ത്രജ്ഞർ പറയുന്നത്, മനുഷ്യാനുഭവങ്ങൾ അതിന്റെ സങ്കീർണ്ണതകൾ, ജിജ്ഞാസകൾ, ബന്ധങ്ങൾ, മൂല്യങ്ങൾ, വൈകാരിക അനുഭവങ്ങൾ തുടങ്ങിയ പലതിനെയും കേവലം കണക്കിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്താൻ കഴിയുകയില്ല എന്നാണ്. അതുകൊണ്ടു തന്നെ ദാരിദ്ര്യം എന്നത് ഒരു കൂട്ടം സംവിധാനങ്ങളുടെയും അവസ്ഥകളുടെയും ബന്ധങ്ങളുടെയും സംയുക്തമായ അനുഭവങ്ങളാണ്.

എങ്ങനെയാണ് ദാരിദ്ര്യത്തെ നിലനിർത്തുന്ന സ്ഥാപനാധിഷ്ഠിത ബന്ധങ്ങളെയും അവയുടെ സംവാദങ്ങളെയും മനസിലാക്കേണ്ടത്? സാമ്പത്തിക ശാസ്ത്രത്തിന് വെളിപ്പെടുത്താനാവാത്ത ദാരിദ്ര്യത്തിന്റെ ഈ മുഖത്തെ, ജനജീവിതാനുഭവത്തെ എങ്ങനെയാണ് പ്രകാശിപ്പിക്കേണ്ടത്? ദാരിദ്ര്യത്തെ മനസിലാക്കാൻ ശ്രമിക്കുമ്പോൾ ആദ്യം ഉയരേണ്ട ചോദ്യം ആരാണ് ദരിദ്രൻ എതാണ്. എങ്ങനെയാണ് ദരിദ്രർ ദരിദ്രരായത്. അവർ ആഗ്രഹിച്ചത് കൊണ്ടാണോ അവർ ദരിദ്രരായത്? നിയമവൽക്കരിക്കപ്പെട്ട സ്ഥാപനങ്ങളും സംവാദങ്ങളും ഇവിടെയാണ് പ്രസക്തമാവുന്നത്. ദരിദ്രന്റെ ദാരിദ്രവൽക്കരണം കൊണ്ട് നേട്ടം കൊയ്യുന്നതാരാണ്. രാജ്യം പത്ത് ശതമാനം സാമ്പത്തിക-വാർഷിക വളർച്ച നേടുമ്പോൾ ജനങ്ങളുടെ ആകെ കലോറി ഉപഭോഗം നിരന്തരം താഴ്ന്നു വരുന്നു. സമ്പന്നരാകുന്നതോടെ മനുഷ്യൻ ആവശ്യാനുസരണം ഭക്ഷിക്കുകയല്ലേ വേണ്ടത്. എന്നാൽ ഇന്ത്യയിൽ മാത്രമാണ് കഴിഞ്ഞ ഇരുപത് വർഷത്തിനുള്ളിൽ വ്യക്തികളുടെ കലോറി ഉപഭോഗം ജാതിമതഭേദമന്യേ താഴേക്ക് പോയത്. തൊഴിലുറപ്പ് നിയമത്തിന്റെയും ദേശീയ ജീവസന്ധാരണ മിഷന്റെയും പ്രവർത്തനങ്ങൾ വഴി കോടിക്കണക്കിന് രൂപ ചെലവിടുമ്പോഴും എന്തുകൊണ്ടാണ് ഇപ്പോഴും ആയിരക്കണക്കിന് ജനങ്ങൾ ദരിദ്രരായി തുടരുന്നത്? എന്തുകൊണ്ടാണ് വികസന ആസൂത്രണങ്ങളും കാര്യപരിപാടികളും പരാജയപ്പെടുന്നത്? ഇങ്ങനെ നോക്കുമ്പോൾ ദാരിദ്ര്യത്തെ മനസിലാക്കുക എന്നത് കൂടുതൽ സങ്കീർണ്ണമാവുകയാണ്.

> ദരിദ്രരുടെ ശബ്ദം കേൾക്കുകയും കാണുകയും, അവരോടൊപ്പമുള്ള അവരുടെ സാമൂഹ്യവേദികളിൽ പങ്കാളികളാവുകയും ചെയ്യാതെ ദാരിദ്ര്യത്തെ നിർമ്മാർജ്ജനം ചെയ്യാനുള്ള കർമ്മപരിപാടികൾക്ക് രൂപം നൽകാൻ കഴിയുകയില്ല.

സാമ്പത്തിക ശാസ്ത്രജ്ഞനായ ആഡം സ്മിത്ത് പറഞ്ഞത് ദാരിദ്ര്യമെന്നത് 'വ്യക്തി സംസ്കാര'മൊണ്. അതായത് നിങ്ങൾ ദരിദ്രനാണെന്നത് നിങ്ങളുടെ മാത്രം പ്രശ്നമാണ് എന്ന്. ആഡം സ്മിത്തിനെ പോലെ തന്നെ പുത്തൻ ഉദാരവൽക്കരണ വക്താക്കളും, ദാരിദ്ര്യത്തിന് നിദാനമായ സ്ഥാപനവൽക്കരിക്കപ്പെട്ട പ്രാദേശിക-അന്തർദേശീയ ഏജൻസികളുടെ ഇടപെടലുകളെ തമസ്കരിക്കുകയാണ് ചെയ്യുന്നത്. പക്ഷെ നമ്മൾ ദാരിദ്ര്യത്തെ മനസ്സിലാക്കേണ്ടത് കേവലം ഒരു വൈയക്തിക ദുരന്തമായല്ല, മറിച്ച് തുടർച്ചായ ഒട്ടേറെ കെട്ടുപാടുകളുടെ സാമൂഹ്യ പ്രതിഫലനമായാണ്. മാനുഷിക ബന്ധങ്ങളും വിഭവങ്ങളും അസന്തുലിതമാക്കപ്പെടുന്നതാണ് ദാരിദ്ര്യം. അതുകൊണ്ടാണ് ആദിവാസികളെ സംബന്ധിച്ച്, വികസനം പലപ്പോഴും അവരുടെ മണ്ണും ജീവനോപാധിയും നഷ്ടപ്പെടുത്തുന്നതാകുന്നത്. അതുകൊണ്ടു തന്നെയാണ് ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്ക് കൂട്ടത്തോടെ മനുഷ്യർ പലായനം ചെയ്യുന്നത്. വികസനത്തെ മനുഷ്യരിലേക്ക് അടുപ്പിക്കുകയല്ല, മറിച്ച് വികസനത്തെ വളർച്ചയിലേക്ക് നയിക്കുകയാണ് അടിസ്ഥാനപരമായി നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്. വിഭവങ്ങളുടെ പുനർവിതരണത്തിലെ ഗണിത സമസ്യയായിട്ടല്ല ദാരിദ്ര്യത്തെ മനസിലാക്കേണ്ടത്. മറിച്ച് ദൈനംദിന ജീവിതത്തെ ആകമാനം ബാധിക്കുന്ന മൂല്യങ്ങളിൽ ഒന്നായാണ്.

ഒരു വ്യക്തിയുടെ ദാരിദ്ര്യ അനുഭവത്തിൽ നിന്ന് വ്യത്യസ്തമാണ് മറ്റൊരാൾ അയാളുടെ ദാരിദ്ര്യത്തെക്കുറിച്ച് പഠിക്കുമ്പോൾ ലഭ്യമാകുന്ന വിവരങ്ങൾ. നരവംശശാസ്ത്രജ്ഞർ, ദരിദ്രരുടെ ജീവിതപരിസരത്തെ അനുഭവിച്ചും അറിഞ്ഞും അവരുടേതായ സാമൂഹ്യ പ്രകാശനത്തിന്റെ പാത വെളിപ്പെടുത്തുന്നു. മാത്രമല്ല താൻ നിരീക്ഷിക്കുന്ന പ്രതിഭാസത്തിന്റെ വിവിധ പങ്കാളികളെയും അവരുടെ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ പ്രക്രിയകളുടെ സങ്കീർണ്ണതകളെയും വിവരിക്കുന്നുവെന്നതാണ് നരവംശശാസ്ത്രജ്ഞരുടെ പ്രവർത്തനങ്ങളുടെ അകക്കാമ്പ്. ഈ പറഞ്ഞ സങ്കീർണ്ണതകളെ ഉൾക്കൊള്ളാതെ ദാരിദ്ര്യത്തെ നിർവചിക്കാനോ വിശകലനം ചെയ്യാനോ അതിന്റെ തുടർച്ചയെ അപഗ്രഥിക്കാ

നോ സാധിക്കില്ല. ദരിദ്രരുടെ ശബ്ദം കേൾക്കുകയും കാണുകയും, അവരോടൊപ്പമുള്ള അവരുടെ സാമൂഹ്യവേദികകളിൽ പങ്കാളികളാവുകയും ചെയ്യാതെ ദാരിദ്ര്യത്തെ നിർമ്മാർജ്ജനം ചെയ്യാനുള്ള കർമ്മപരിപാടികൾക്ക് രൂപം നൽകാൻ കഴിയുകയില്ല.


ഒരു ജനത്തെ ശ്രദ്ധിക്കുമ്പോൾ നിങ്ങൾ അവരുടെ ഭാഗഭാക്കാകേണ്ടതുണ്ട്. പാരസ്പര്യാധിഷ്ഠിത പങ്കാളിത്തമില്ലാതെ നിങ്ങൾക്ക് ഇത് സാധ്യമാകില്ല. പങ്കാളിത്തവും കേൾവിയുമില്ലാതെ നിങ്ങൾക്ക് മനുഷ്യസമൂഹത്തെ വിശകലനം ചെയ്യാനോ നിർദ്ധാരണം ചെയ്യാനോ സാധിക്കുകയില്ല. ജീവിതാഖ്യാനങ്ങളുടെ (life stories) പ്രസക്തിയും ഇവിടെയാണ് പ്രസക്തമാകുന്നത്. എങ്ങനെയാണ് നാം ആർജ്ജിത അനുഭവങ്ങളെ ശേഖരിക്കുന്നത് (document). ആർജ്ജിത അനുഭവങ്ങൾ വൈകാരിക തലങ്ങളെ ഒരു സങ്കീർണ്ണമായ തലത്തിൽ രേഖപ്പെടുത്തുന്നവയാണ്. മാറ്റവും രൂപാന്തരീകരണവും (change and tranformation) ഈ വൈകാരിക തലങ്ങളുടെ മൂർത്തിമത്തായ ആവിഷ്കാരങ്ങളാണ്. അതുകൊണ്ട് വികസന നരവംശശാസ്ത്രം, ദരിദ്രരോടൊത്തുള്ള കേൾവിയുടെയും പങ്കാളിത്തത്തിന്റെയും സമ്മിശ്രമാർന്ന ഒരു രീതിശാസ്ത്രമാണ്. ദരിദ്രന്റെയും ദാരിദ്ര്യത്തിന്റെയും ഈ വൈകാരിക തലം വികസനത്തിന്റെ കാര്യത്തിൽ ഒഴിവാക്കപ്പെടേണ്ടതാണൊണ്സാമ്പത്തിക ശാസ്ത്രജ്ഞർ വാദിക്കുന്നത്. മനുഷ്യ പാരസ്പര്യത്വം അരക്കിട്ടുറപ്പിച്ചിരിക്കുന്നത് വൈകാരികതയിൽ അധിഷ്ഠിതമായ ഒരുപിടി ബന്ധുത്വങ്ങളുടെ മേലാണ് എന്നതാണ് നാം മനസിലാക്കേണ്ട വസ്തുത. നിങ്ങൾക്ക് ഒരു മൂല്യാധിഷ്ഠിത രൂപഘടനയും അതിന് യോജ്യമായ ചിന്താപദ്ധതിയും രൂപപ്പെടുത്തി, ദാരിദ്ര്യത്തെ കേൾക്കുവാനുള്ള അനുഭാവപരത നിലനിർത്തി ജീവിതാഖ്യാനങ്ങളെ പകർത്താനാകണം. പലപ്പോഴും ഉദാരസമ്പദ്ഘടനാ വികസനവാദികൾ വരച്ചുകാട്ടുന്ന ജീവിതാഖ്യാനങ്ങൾ മുൻപ് സൂചിപ്പിച്ച പോലെ നരവംശശാസ്ത്രത്തെ കോളനിവൽക്കരിക്കുന്ന രചനകളാണ്. അവ അനുഭവങ്ങളെയും വസ്തുതകളെയും ഇടപാടുകാരുടെ സ്വരങ്ങളിൽ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. അവർ അവകാശപ്പെടുന്നത് ഞങ്ങളിതാ ലോകത്തെ ഏറ്റവും വലിയ ദരിദ്രനെ കണ്ടെത്തിയിരിക്കുന്നു എന്നാണ്. ഇതെങ്ങനെയാണ് ദാരിദ്ര്യത്തെക്കുറിച്ചുള്ള സ്വാനുഭവ പ്രതിഫലനമായി പറയാൻ കഴിയുന്നത്? ദാരിദ്ര്യത്തിന്റെ ജീവിതാഖ്യാനങ്ങൾ, അത് അതായിത്തന്നെ വെളിപ്പെടുത്തുമ്പോഴാണല്ലോ ജീവസുറ്റതാകുന്നത്. എന്തിന് നിങ്ങൾ ഇടനിലക്കാരുടെ സ്വരം തേടണം. ജീവിതാഖ്യാനങ്ങൾ മനുഷ്യന്റെ, അവന്റെ ചുറ്റുപാടുകളോടുള്ള വൈകാരിക ബന്ധങ്ങളെയും മൂല്യങ്ങളെയും ഉൾപ്പെടുത്തിയ ശ്രേണീബദ്ധമായ ഒരു വിജ്ഞാന രൂപമാണ്. ദീർഘകാലം ഒരു പ്രത്യേക സാമൂഹിക സാമ്പത്തിക രാഷ്ട്രീയഘടനയ്ക്കുള്ളിൽ ഇഴുകിച്ചേർന്ന് ജീവിച്ചതിന്റെ അനുഭവസാക്ഷ്യങ്ങളാണവ. ദരിദ്രനെ അവന്റെ തന്നെ ചുറ്റുപാടുകളിൽ, അവന്റെ വിമോചകനായി സ്വയം നിർണ്ണയിക്കുന്ന ഒരു പ്രക്രിയയാണിത്. എന്നാൽ ദരിദ്രനെ വെറും അലസനായ ഇര ആയിട്ടാണ് ഉദാരസമ്പദ്ഘടനാ വികസനവാദികൾ വിലയിരുത്തുന്നത്.

ജനങ്ങളെ, അവരുടെ ജീവിതത്തെ നിരന്തരം കേൾക്കുന്നതിലൂടെ ഏതാണ്ട് യഥാതഥമായ സ്വയാർജ്ജിത ജീവിതാനുഭവത്തെ രേഖപ്പെടുത്താനാകും. ഒരു കൂട്ടം വ്യക്തികളിൽ നിന്ന് സ്വയാർജ്ജിത ജീവിതാനുഭവത്തെ നിരന്തരം കേൾക്കുന്നതിലൂടെ അവരുടെ ജീവിതത്തിൽ ഉരുത്തിരിഞ്ഞുവരുന്ന വിവിധ ശൃംഖലകളെ, ചോദനകളെ കാണാൻ സാധിക്കും.

വികസനാധിഷ്ഠിത നയരൂപീകരണ പ്രക്രിയയെ സംബന്ധിച്ച് ജീവിതാഖ്യാനങ്ങൾ എന്തുമാത്രം വസ്തുനിഷ്ഠമായിരിക്കുമെന്നതാണ് ഇവിടെ സ്വാഭാവികമായും ഉയർന്നു വരുന്ന വിമർശനം. സമൂർത്തമായ വസ്തുനിഷ്ഠത എന്നൊന്നില്ല എന്നതാണ് നാം മനസിലാക്കേണ്ടത്. എന്നാൽ ജനങ്ങളെ, അവരുടെ ജീവിതത്തെ നിരന്തരം കേൾക്കുന്നതിലൂടെ ഏതാണ്ട് യഥാതഥമായ ഒരു സ്വയാർജ്ജിത ജീവിതാനുഭവത്തെ രേഖപ്പെടുത്താനാകും. ഒരു കൂട്ടം വ്യക്തികളിൽ നിന്ന് സ്വയാർജ്ജിത ജീവിതാനുഭവത്തെ നിരന്തരം കേൾക്കുന്നതിലൂടെ അവരുടെ ജീവിതത്തിൽ ഉരുത്തിരിഞ്ഞുവരുന്ന വിവിധ ശൃംഖലകളെ, ചോദനകളെ കാണാൻ സാധിക്കും. അത് അവരുടെ ഉൾക്കാഴ്ചകളും സമരങ്ങളും പ്രതിരോധങ്ങളും അതിജീവനവും എല്ലാം അടങ്ങുന്നതാണ്.

ബാങ്കോക്ക് കേന്ദ്രമായി പ്രവർത്തിക്കുന്ന ഓക്സ്ഫാം എന്ന സ്ഥാപനത്തിന്റെ

പോളിസി ഡയറക്ടറായി സേവനം അനുഷ്ഠിക്കുമ്പോഴുണ്ടായ അനുഭവം വിവരിക്കട്ടെ. വിവിധ നിരയിലുള്ള പ്രോഗ്രാം ഓഫീസർമാരെ ഞാൻ കണ്ടു. എല്ലാവരും തന്നെ വിവിധ തരത്തിലുള്ള സഹായധനം സ്വരൂപിക്കുന്നതിൽ അഗ്രഗണ്യരായിരുന്നു. ജനങ്ങളുടെ ജീവിതം കേൾക്കാനും അനുഭാവപരതയോടെ ആവിഷ്കരിക്കാനുള്ള പരിശീലനം നേടുന്നതിന് രണ്ടാഴ്ച നീണ്ടുനിൽക്കുന്ന പഠനരീതിശാസ്ത്രത്തിന് രൂപം കൊടുത്തു. ആരാണ് ദരിദ്രർ? എങ്ങനെ അവർ ദരിദ്രരായി? എങ്ങനെ അവർ അത് അനുഭവിച്ചു? എന്തു പോംവഴികളാണ് ദാരിദ്ര്യത്തിൽ നിന്ന് പുറത്തു കടക്കാൻ ചിന്തിക്കുന്നത്? എന്നിവയാണ് രീതിശാസ്ത്രം. എല്ലാവരും അവരുടെ ത്രങ്ങൾ ഉപയോഗിക്കുന്നത് വികസനത്തിലെ സൂക്ഷ്മതല ആസൂത്രണത്തിന്റെ (micro level planning) കാര്യത്തിലാണ്. സൂക്ഷ്മതല ആസൂത്രണം വികസനത്തിനും സാമൂഹ്യ പരിവർത്തനത്തിനും ആക്കം കൂട്ടുന്ന ഘടകമാണ്. ഇവിടെ നരവംശശാസ്ത്ര സമീപനം പറയുന്നത്, ഓരോ ഗ്രാമവും വ്യത്യസ്തമാണ്, ഓരോ കുടുംബവും വ്യത്യസ്തമാണ് എന്നാണ്. ദേശീയ തൊഴിലുറപ്പു പദ്ധതി വിവരിക്കുന്ന പോലെ കേരളത്തിലും യു.പിയിലും ആൻഡമാൻ നിക്കോബാറിലും ലഡാക്കിലും ജനങ്ങളുടെ ജീവസന്ധാരണം ഏകതാനതയിലല്ല. അവ തികച്ചും വൈവിധ്യമാർന്നവയാണ്. ഡൽഹിയിലെ ഉദ്യോഗസ്ഥ വൃന്ദങ്ങൾ നിർവചിക്കുതുന്ന പോലെ



ഫീൽഡ് വർക്ക് കഴിഞ്ഞ് തിരിച്ചുവന്നു. ഡർബനിൽ നിന്നുള്ള ഒരു പ്രോഗ്രാം ഓഫീസർ ഒരു കുടുംബത്തോടൊപ്പം ആറ് മാസം കഴിഞ്ഞു. പതിഞ്ചാമത്തെ ദിവസം മുതൽ അവർ പട്ടിണി കിടക്കാൻ തുടങ്ങി, കാരണം അവർ ജീവിച്ച കുടുംബത്തിന് ആ മാസം പതിനഞ്ച് ദിവസത്തേക്കുള്ള ആഹാരത്തിനുള്ള വകയേ ഉണ്ടായിരുന്നുള്ളൂ. പട്ടിണിയുടെ ആധിക്യത്താൽ അവരെ പിന്നീട് ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വന്നു. നിരീക്ഷകൻ ഒരു പ്രത്യേക ബന്ധത്തിന്റെ കണ്ണിയിൽ അകപ്പെടുന്ന ഒരു കാന്തികത ഈ രീതിശാസ്ത്രത്തിനുണ്ട്. ഒരു ബന്ധത്തിൽ ആഴപ്പെടുകയും അവയുടെ നിരീക്ഷകരാകുകയും അത് രേഖപ്പെടുത്തുകയും ചെയ്തുകൊണ്ട് വിവിധ കോണുകളിൽ നിന്ന് ജീവിതാഖ്യാനങ്ങളെ പ്രകാശിപ്പിക്കാൻ സാധിക്കും.

വികസന നരവംശശാസ്ത്രം, സാമ്പ്രദായിക നരവംശശാസ്ത്രത്തിന്റെ രീതിശാസ്

എങ്ങനെയാണ് ഒരു വലിയ രാഷ്ട്രത്തിലെ ജനജീവിതത്തെ ഏകശിലാരൂപത്തിൽ ചുരുക്കി കാണാൻ ആവുന്നത്. പല സാമൂഹ്യ വെല്ലുവിളികൾക്കും ഒരേയൊരു ശരിയായ പരിഹാരം എന്ന ഒന്നില്ല. സൂക്ഷ്മ ആസൂത്രണം ഒരു പ്രക്രിയ എന്ന നിലയിൽ അടിസ്ഥാനപരമായി വികസിച്ചത് റോബർട്ട് ചേംബേഴ്സ് പല നരവംശശാസ്ത്രജ്ഞരോടൊപ്പം നിർമ്മിച്ച 'ഡവലപ്പ്മെന്റ് സ്റ്റഡീസ്' എന്ന കൂട്ടായ്മയിലൂടെയാണ്. ഇവിടെ നമുക്ക് പക്വമായ ഒരു മേൽക്കൈ നേടാനാവുന്നത് നരവംശശാസ്ത്ര രീതിശാസ്ത്രങ്ങളെ സമന്വയിപ്പിക്കാനാവുന്നത് കൊണ്ടാണ്. വികേന്ദ്രീകൃത ആസൂത്രണവും സൂക്ഷ്മതല ആസൂത്രണവും നിശ്ചയമായും വികസന നരവംശശാസ്ത്രത്തിന്റെ മറ്റൊരു പരിപ്രേക്ഷ്യംതയൊണ് പറയാം. വംശീയ പഠനം (ethnography) ജനങ്ങളോടൊത്ത് അവരുടെ പരിസരത്ത് നിന്നുകൊണ്ട് സൂക്ഷ്മതല ആ

സൂത്രണ പ്രക്രിയയിൽ ഇടപെടാൻ പര്യാപ്തമാണ്. ഇത്തരം വികസന ആസൂത്രണ പ്രക്രിയയിൽ ജനങ്ങൾക്ക് തന്നെ സ്വയം പരിശോധകരും പരിപാലകരും ആയി മാറാൻ സാധിക്കുന്നു. ഇവിടെ ഉയർന്ന സാക്ഷരത ഒരു അവിഭാജ്യ ഘടകമല്ല.

**വംശീയപഠനവും സംരക്ഷണാവകാശവും**

വികസന നരവംശശാസ്ത്രത്തിന്റെ സംഭാവന ആവശ്യപ്പെടുന്ന മറ്റൊരു മേഖല സംരക്ഷണാവകാശവുമായി (Security Rights) ബന്ധപ്പെട്ടതാണ്. ഇതുമായി ബന്ധപ്പെട്ട് രണ്ട് സംഭവവികാസങ്ങളിൽ ഞാൻ ഭാഗഭാക്കായിട്ടുണ്ട്. ഒന്ന്, നിയാംഗിരിയിലെ ഗോത്ര വിഭാഗമായ ഗോണ്ട് വംശജരും മറ്റൊന്ന് നർമ്മദ താഴ്‌വരയിലെ ഭിൽ വംശജരും. ഇപ്പോഴത്തെ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തലുകൾ (Ecological Impact Assesment), അടിസ്ഥാനപരമായി സാമ്പത്തിക ശാസ്ത്രത്തിന്റെ രൂപഘടനയിലാണ്. അതായത് ഒരു തരത്തിലുള്ള ആയവ്യയ വിശകലനം (Cost and Benefits Analysis). ഇത്തരം ആഘാത പഠനങ്ങൾ വിശാല അർത്ഥത്തിലുള്ള ജനവിഭവങ്ങളെ, ബന്ധങ്ങളെ, അവയുടെ സാമൂഹ്യമൂലധനങ്ങളെ ഒന്നും പരിഗണിക്കുന്നതേയില്ല. നർമ്മദ വെള്ളത്തിൽ മുങ്ങിത്താഴാൻ പോകുന്ന ഓരോ ചെറു ഗ്രാമങ്ങളുടെയും സമഗ്രമായ സൂക്ഷ്മ വംശീയ പഠന രേഖ ഞങ്ങൾ പുറത്തുവിട്ടു.

> വേദാന്ത നിയാംഗിരിക്കുന്നുകൾ ഖനനം നടത്തുമ്പോൾ കേന്ദ്ര- സംസ്ഥാന സർക്കാരുകളും സുപ്രീം കോടതിയും എല്ലാ അർത്ഥത്തിലും പദ്ധതിക്ക് പിന്തുണ നൽകുകയായിരുന്നു. സാമൂഹ്യ-പാരിസ്ഥിതിക പ്രത്യാഘാതം ഒട്ടും വിശകലനം ചെയ്യാതെയും മുഖവിലക്കെടുക്കാതെയുമാണ് ഖനനം ആരംഭിച്ചത്. ഭൂമിയോടും വനത്തോടും വിഭവങ്ങളോടുമുള്ള ജനാധികാരത്തിന് പകരം വെക്കാൻ മറ്റൊന്നിനുമാകില്ല.

മുളങ്കമ്പുകൾ കൂട്ടിക്കെട്ടിയ ഭിൽ ഗോത്ര ഗ്രാമത്തിലെ ഒരാളുടെ കുടിലിന് എന്ത് വിലയാണ് മതിക്കുന്നത്? റവന്യൂ അധികാരികൾ ഇതിനെ ഒരു ഏറുമാടമായിട്ടാവും പരിഗണിക്കുക. പക്ഷെ ജനങ്ങളെ സംബന്ധിച്ചിടത്തോളം കമ്പോള വിലയുടെ എത്രയോ ഇരട്ടി വിലയാണ് ഈ വീടുകൾക്ക്. ഇങ്ങനെയുള്ള നാനാവശങ്ങളെ ഒരുമിച്ച് കാണുമ്പോൾ, സാമൂഹിക സന്ദർഭത്തിന്റെ ചുറ്റുപാടിൽ ഓരോന്നിനും അതിന്റേതായ പ്രാധാന്യമുണ്ട്. പ്രത്യേകിച്ച് പാരിസ്ഥിതിക സാമൂഹിക ഘടകങ്ങൾക്ക്. കാരണം ഒരാളുടെ സമൂഹിക ബന്ധങ്ങൾ ഊട്ടി ഉറപ്പിക്കപ്പെടുന്നത് ഈ ചുറ്റുപാടുകളിൽ നിന്നു കൊണ്ടാണ്. ഒരാൾ കുടിയിറക്കപ്പെടുമ്പോൾ അയാളുടെ ചുറ്റുപാടുകളിൽ നിന്ന് അയാളെ പുറന്തള്ളപ്പെടുക മാത്രമല്ല, ഒരു പ്രത്യേക പരിസ്ഥിതി സന്ദർഭത്തിനുള്ളിൽ അയാൾ വിളയിച്ചെടുത്ത സാമൂഹ്യ ബന്ധങ്ങളെക്കൂടി കുടിയിറക്കപ്പെടുകയാണ്. ഈ സന്ദർഭത്തിലാണ് ഒരു വ്യക്തി ജൈവപരമായി എന്തിനോടൊക്കെ കടപ്പെട്ടിരിക്കുന്നുവെും ബന്ധപ്പെട്ടിരിക്കുന്നുവെന്നും മനസിലാക്കേണ്ടത്. അങ്ങനെ നരവംശശാസ്ത്രം ഒരു ശക്തിയേറിയ സമരായുധമായി മാറി, ആഘാത-പ്രത്യാഘാത പഠനങ്ങൾക്ക് പുതിയ ഭാഷ്യം ഉണ്ടാക്കുന്നു.

വികസന നരവംശശാസ്ത്രം തദ്ദേശ ജനതയുടെ ഉപവിഷയങ്ങളെപ്പോലും അഭിമുഖീകരിക്കുന്നു. എന്നാൽ മുമ്പ് സൂചിപ്പിച്ച വികസന പദ്ധതികളുടെ ആയവ്യയ വിശകലനത്തിൽ ഭൗതിക വസ്തുക്കളുടെ കേടുപാടുകൾ മാത്രമാണ് കണക്കിലെടുക്കപ്പെടാറുള്ളത്. മനുഷ്യൻ വർഷങ്ങളോളം എടുത്ത് പടുത്തുയർത്തിയ ആവാസ വ്യവസ്ഥ കണക്കിലെടുക്കുന്നതേയില്ല. ഇവിടെയുള്ള ജനങ്ങളെ ഇതേ സന്ദർഭത്തിൽ മറ്റൊരിടത്ത് പുനരധിവസിപ്പിക്കുക എന്നത് അസാധ്യമാണ്. നേരത്തേ സൂചിപ്പിച്ച പോലെ വംശീയ പഠനങ്ങൾ എല്ലാം തന്നെ സൂക്ഷ്മമായി പരിശോധിച്ചാൽ ആവാസവ്യവസ്ഥയുടെയും മനുഷ്യന്റെയും കൊടുക്കൽ വാങ്ങലുകളെക്കുറിച്ചുള്ള കഥകളാണ് പറയുന്നത്. സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ പരിസരങ്ങളെ പരിസ്ഥിതി പശ്ചാത്തലത്തിൽ കാണുകയും ചെയ്യുന്നു. ആവാസ വ്യവസ്ഥയുടെ ശൃംഖലയിൽ ഏതെങ്കിലും ഒരു ഘടകത്തിന് വ്യതിയാനം സംഭവിക്കുമ്പോൾ അനുരണനം എന്നപോലെ അടുത്ത ഘടകത്തിലും ചലനങ്ങൾ ഉണ്ടാകുന്നു. ഇപ്രകാരമുള്ള പൊതു ആഘാത പഠന രീതിശാസ്ത്രങ്ങൾ സജീവമായിക്കൊണ്ടിരിക്കുകയാണ്.

ഏതാണ്ട് എട്ട് വർഷത്തോളമെടുത്ത് ഞങ്ങൾ സമാഹരിച്ച തദ്ദേശീയ അറിവുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയത് ഇപ്രകാരമാണ്. 'പദ്ധതി പ്രദേശത്തെ ജനങ്ങളെയും അവരുടെ പാരിസ്ഥിതിക ബന്ധങ്ങളെയും മുഖവിലക്കെടുക്കാതെ നിങ്ങൾ പദ്ധതി

കൾക്ക് അനുമതി നൽകി. ജനങ്ങൾ എന്താണ് നടപ്പാകണമെന്ന് ആഗ്രഹിക്കുന്നത് എന്ന് ചിന്തിക്കാതെ നിങ്ങൾ പണം നിക്ഷേപിക്കുകയായിരുന്നു.' ഇതുതന്നെയായിരുന്നു നിയാംഗിരിയുടെ കാര്യത്തിലും സംഭവിച്ചത്. വേദാന്ത നിയാംഗിരിക്കുന്നുകൾ ഖനനം നടത്തുമ്പോൾ കേന്ദ്ര- സംസ്ഥാന സർക്കാരുകളും സുപ്രീം കോടതിയും എല്ലാ അർത്ഥത്തിലും പദ്ധതിക്ക് പിന്തുണ നൽകുകയായിരുന്നു. സാമൂഹ്യ-പാരിസ്ഥിതിക പ്രത്യാഘാതം ഒട്ടും വിശകലനം ചെയ്യാതെയും മുഖവിലക്കെടുക്കാതെയുമാണ് ഖനനം ആരംഭിച്ചത്. ഭൂമിയോടും വനത്തോടും വിഭവങ്ങളോടുമുള്ള ജനാധികാരത്തിന് പകരം വെക്കാൻ മറ്റൊന്നിനുമാകില്ല. ഞങ്ങൾക്ക് മുമ്പുള്ള മൂന്ന് വിദഗ്ധ സമിതികളും നിയാംഗിരി ഖനനം അനിവാര്യമാണെന്നാണ് വാദിച്ചത്. പക്ഷെ നമ്മൾ വികസന നരവംശശാസ്ത്രത്തിന്റെ പരിപ്രേക്ഷ്യത്തിൽ നിന്നു കൊണ്ട്, ജനങ്ങളുടെ വശത്തുനിന്നുകൊണ്ട് പദ്ധതിയെ നോക്കിക്കാണാൻ ശ്രമിച്ചു. പദ്ധതിയെ അതിന്റെ നേട്ടങ്ങൾ കൊയ്യുന്നവരുടെ ഭാഗത്തു നിന്ന് നോക്കിക്കാണുമ്പോൾ അത് മറ്റൊരു കാഴ്ചയാണ് തരുന്നത്. മറിച്ച് പദ്ധതിയിലൂടെ വേരറക്കപ്പെടുന്നവരുടെ ഭാഗത്ത് നിന്ന് നോക്കുമ്പോൾ അത് തീർത്തും വേറിട്ടൊരു മുഖം നൽകുന്നു.

വികസനത്തിന്റെ ഭാവി വിശകലനം ചെയ്യേണ്ടത് ഒരു ബഹുവിധ മാനദണ്ഡത്തിലൂടെ (മൾട്ടി ക്രൈറ്റീരിയ അപ്രോച്ച്) ആയിരിക്കണം. വ്യത്യസ്ത ഘടകങ്ങളെ, സാമൂഹ്യ-സാമ്പത്തിക-പരിസ്ഥിതി- പൈതൃക-ആരോഗ്യ തുടങ്ങി വിവിധ ഘടകങ്ങളെ വിലയിരുത്തിക്കൊണ്ടായിരിക്കണം. അപഗ്രഥിക്കാനുള്ള ഈ രീതിശാസ്ത്രം ലളിതമായ ഒരു പ്രക്രിയയിലൂടെ സ്വായത്തമാക്കാവുന്നതേയുള്ളൂ. ഗവേഷണ വിദ്യാർഥികളെ സംബന്ധിച്ചിടത്തോളം സഞ്ചിത ആഘാത അവലോകന രീതിയിലേക്ക് (Cumulative Impact Assesment) അവരുടെ അന്വേഷണത്തെ വികസിപ്പിക്കാവുതാണ്.

ഈ അടുത്ത കാലത്ത് ഒരു ഏജൻസി ടിസ്സിനെ (Tata Institute of Social Sciences - TISS) സമീപിച്ചു. 56 ഡാമുകൾ ഭാഗീരഥി നദിയിൽ നിർമ്മിക്കാൻ പോകുന്നു എന്നാണ് അവർ പറഞ്ഞത്. ഐ.ഐ.ടി റൂർക്കിയുടെ അഭിപ്രായത്തിൽ 56 ഡാം തീർത്തും അനിവാര്യമാണ്. അവർ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയോട് ഒരു പരിസ്ഥിതി ആഘാത പഠനം നടത്താൻ ആവശ്യപ്പെട്ടു. നാല് ഡാമുകൾ പ്രശ്നബാധിതമാണെും ബാക്കി 52 ഡാമുകൾ പ്രശ്നരഹിതമാണെന്നുമായിരുന്നു പഠനത്തെ തുടർന്ന് വന്ന മറുപടി. എന്നാൽ നരവംശശാസ്ത്രജ്ഞനെന്ന നിലയിൽ എന്റെ ജിജ്ഞാസ ആദ്യമാരംഭിക്കുന്ന പദ്ധതി എപ്രകാരമാവും രണ്ടാമത്തെ പദ്ധതിയെ ബാധിക്കുക, അതെങ്ങനെയാണ് തൊട്ടടുത്തതിനെ ബാധിക്കുന്നത് എന്നാണ്? ഇങ്ങനെ ചോദ്യങ്ങൾ തുടരവെ ആരുടെ പക്കലും ഉത്തരം ഉണ്ടായിരു്റില്ല. ഒരു സഞ്ചിത ആഘാത അവലോകന (Cumulative Impact Assesment) രീതിശാസ്ത്രം ഉപയോഗിച്ചല്ലാതെ ഞങ്ങൾക്ക് വിശകലനം നടത്താൻ സാധ്യമല്ലായിരുന്നില്ല.

അതിദാരുണമായ ദാർശനിക ദാരിദ്ര്യം അനുഭവിക്കുന്ന മേഖലയാണ് വികസനം. ഇതിന് വിലനിൽകേണ്ടിവരുന്നത് സാധാരണക്കാരനും പാർശ്വവൽകൃതരും ഗോത്രജനതയും മറ്റുമാണ്. അതുകൊണ്ടു തന്നെ വികസന സംവാദങ്ങളെ അടിസ്ഥാനപരമായി കീഴ്മേൽ മറിക്കാനുള്ള അവസരമാണിത്. അത് ജനകേന്ദ്രീകൃതമായ പുത്തൻ അറിവുകൾ സൃഷ്ടിച്ചുകൊണ്ട് മാത്രമേ സാധ്യമാവൂ. നമ്മുടെ വൈജ്ഞാനിക സമൂഹം ഇത് മനസിലാക്കി ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്. ഈ വെല്ലുവിളി ഏറ്റെടുക്കാൻ നമ്മൾ തയ്യാറാവണം. കാരണം നമുക്ക് അധീശത്വ വികസന മാതൃകകളെ വെല്ലുവിളിക്കാനൻ വിപുലമായ സൈദ്ധാന്തിക അടിത്തറയും രീതിശാസ്ത്രവും ഉണ്ട്. വരാൻ പോകുന്ന നാളുകളിൽ നരവംശശാസ്ത്രജ്ഞർ അഭിമുഖീകരിക്കേണ്ട വെല്ലുവിളികളിൽ ഒന്നാണിത്. ■

